അനന്തപുരി

www.keralakaumudi.com www.facebook.com/keralakaumudi

സിറ്റി കൗമുദിയിൽ

- തിരുവനന്തപുരം ആർ.ടി.ഒയ്ക്ക് ഫൈനായി ലഭിച്ചത് 11 ലക്ഷം
- പെൺകുട്ടികൾക്ക് ക്രിക്കറ്റ് കളിക്കാൻ ട്രാവൻകൂർ ഗേൾസ് ക്രിക്കറ്റ് ക്ലബ്
- ആമയിഴഞ്ചാൻ ഒഴുകും പഴയപടി

വെൺപാലവട്ടം ശാഖ

തിരുവനന്തപുരം: എസ്.എൻ.ഡി.പി യോഗം വെൺപാലവട്ടം ശാഖയുടെ പ്രവർത്തന മേഖലയിലെ ഇടവിളാകം, പ്ലാവിളാകം, ഊറ്റുകുഴി, തോപ്പിനകം, വാഴവിള എന്നീ സ്ഥലങ്ങളിലെ ശാഖാ മെമ്പർമാരുടെ കുടുംബയോഗം ഞായറാഴ്ച വൈകിട്ട് 4ന് പ്ലാവിളാകത്ത് സുലോചനാ രാമചന്ദ്രന്റെ രാംനിവാസിൽ കൂടുന്നു. യോഗത്തിൽ ശാഖാ പ്രസിഡന്റ് ജി. ശിവാനന്ദൻ അദ്ധ്യക്ഷത വഹിക്കും. ശാഖാഭാരവാഹികൾ, വനിതാ സംഘം, യൂത്ത് മൂവ്മെന്റ് ഭാരവാഹികൾ സംസാരിക്കുമെന്ന് ശാഖാ സെക്രട്ടറി ജി. സുരേഷ് കുമാർ അറിയിച്ചു.

മൈക്ക് പെർമിറ്റ് പുതുക്കണം

തിരുവനന്തപുരം: ജില്ലയിലെ മൈക്ക് ഓപ്പറേറ്റർമാരുടെ ഡേറ്റാബേസ് തയ്യാറാക്കുന്നതിന്റെ ഭാഗമായി 2014, 2015 വർഷങ്ങളിൽ രജിസ്ട്രേഷൻ സർട്ടിഫിക്കറ്റ് ലഭിച്ചിട്ടുള്ള ഓപ്പറേറ്റർമാർ 28ന് മുൻപ് രജിസ്ട്രേഷൻ പുതുക്കണമെന്ന് കളക്ടർ ഡോ. കെ. വാസുകി അറിയിച്ചു. ജില്ലയിലെ മൈക്ക് ഓപ്പറേറ്റർമാരുടെ വിവരങ്ങൾ ഉൾക്കൊള്ളിച്ച് ജില്ലാ ഭരണകൂടത്തിന്റെ നേതൃത്വത്തിൽ തയ്യാറാക്കുന്ന വെബ്സൈറ്റിന്റെ ഭാഗമായിട്ടാണ് ഡാറ്റാബേസ് തയ്യാറാക്കുന്നത്.

രേഖകളടങ്ങിയ പഴ്സ് നഷ്ടപ്പെട്ടു

തിരുവനന്തപുരം: തൈക്കാട് സ്കൂളുകളുടെയും കുട്ടികളുടെയും ആശുപത്രിക്ക് മുൻവശത്തെ കെട്ടിടത്തിന് സമീപം വച്ച് ആധാർ കാർഡും തിരഞ്ഞെടുപ്പ് തിരിച്ചറിയൽ കാർഡും ഡ്രൈവിംഗ് ലൈസൻസും വിവിധ ക്രെഡിറ്റ്, ഡെബിറ്റ് കാർഡുകളും മറ്റ് വിലപ്പെട്ട രേഖകളും 800 രൂപയും അടങ്ങിയ പഴ്സ് നഷ്ടപ്പെട്ടു. കരുമം കൊല്ലംതോപ്പ് സെക്കൻഡ് സ്ട്രീറ്റിൽ ശിവപ്രിയയിൽ ടി. ആനന്ദ് കൃഷ്ണന്റെ പഴ്സാണ് നഷ്ടപ്പെട്ടത്. കണ്ടുകിട്ടുന്നവർ തമ്പാനൂർ പൊലീസ് സ്റ്റേഷനിലോ താഴെ പറയുന്ന ഫോൺനമ്പരിലോ അറിയിക്കണം. ഫോൺ: 701 21 03625.

സംസ്കൃത സംഘം ശില്പശാല

തിരുവനന്തപുരം: സംസ്കൃതസംഘം ജില്ലാകമ്മിറ്റിയും പുരോഗമനകലാസാഹിത്യസംഘവും ചേർന്ന് 24ന് രാവിലെ 9.30 മുതൽ പട്ടം മുണ്ടശേരി ഫൗണ്ടേഷൻ ഹാളിൽ ഏകദിനശില്പശാല നടത്തും. കാലടി ശ്രീശങ്കരാ സംസ്കൃത സർവകലാശാല മുൻ വൈസ് ചാൻസലർ ഡോ. ജെ. പ്രസാദ് ഉദ്ഘാടനം ചെയ്യും. എൻ. രതീന്ദ്രൻ, ഡോ. ജെ. പ്രസാദ്, ഡോ. പി. സോമൻ, ആർ. ഗിരീഷ് കുമാർ തുടങ്ങിയവർ സംസാരിക്കും.

ബി.എസ്.എൻ.എൽ ലാൻഡ് ലൈൻ ബില്ലുകൾ പിഴകൂടാതെ അടയ്ക്കാം

തിരുവനന്തപുരം : ബി.എസ്.എൻ.എൽ ജില്ലയിലെ മാസ, ദ്വൈമാസ ലാൻഡ് ലൈൻ വരിക്കാരുടെ ഈ മാസത്തെ ബില്ലുകൾ പിഴ കൂടാതെ 22, 23 തീയതികളിൽ അടയ്ക്കാമെന്ന് ജില്ലാ പ്രിൻസിപ്പൽ ജനറൽ മാനേജർ അറിയിച്ചു. ബിൽ തുക ബി.എസ്.എൻ.എൽ കസ്റ്റമർ സർവീസ് സെന്ററുകളിലോ ജനസേവന കേന്ദ്രങ്ങളിലോ അടയ്ക്കാം. കൂടാതെ ബി.എസ്.എൻ.എൽ ഓൺലൈൻ പോർട്ടൽ വഴിയും മൈ ബി.എസ്.എൻ.എൽ ആപ്പ് എന്ന മൊബൈൽ ആപ്ലിക്കേഷൻ വഴിയും അടയ്ക്കാവുന്നതാണ്.

പാച്ചല്ലൂർ ശ്രീഭദ്രകാളി ക്ഷേത്രത്തിൽ നേർച്ചത്തൂക്കം

വിഴിഞ്ഞം: ഭക്തി സാന്ദ്രമായ അന്തരീക്ഷത്തിൽ പാച്ചല്ലൂർ ശ്രീഭദ്രകാളി ക്ഷേത്രത്തിലെ നേർച്ചത്തൂക്കം നടന്നു. ഇന്നലെ വൈകിട്ട് 3ന് ആരംഭിച്ച തൂക്കം പുലർച്ചെ വരെ നീണ്ടു. രാവിലെ നടന്ന ഉരുൾ നേർച്ചക്കു ശേഷം തങ്കത്തിരുമുടി പുറത്തെഴുന്നള്ളിച്ച് പച്ച പന്തലിൽ ഇരുത്തി. പണ്ടാര തൂക്കം ഉൾപ്പെടെ ആകെ 253 തൂക്കങ്ങളാണ് ഈ വർഷം ഉണ്ടായിരുന്നത്. ഇന്ന് ഉച്ചയ്ക്ക് 12ന് പൊങ്കാല, രാത്രി 9.30 ന് തട്ട നിവേദ്യ എഴുന്നള്ളത്ത് തുടർന്ന് നിറപറ, കളം കാവൽ, നാളെ രാത്രി 8.30 ന് കൊടിയിറക്ക്.

വഴിയോര കച്ചവടക്കാരെ ദ്രോഹിക്കുന്ന ഉത്തരവ് പിൻവലിക്കണമെന്ന്

തിരുവനന്തപുരം: തലസ്ഥാനത്ത് വഴിയോര കച്ചവടക്കാരെ ദ്രോഹിക്കുന്ന തരത്തിൽ മനുഷ്യാവകാശ കമ്മിഷൻ പുറപ്പെടുവിച്ചിരിക്കുന്ന ഉത്തരവ് പ്രതിഷേധാർഹമാണെന്നും കമ്മിഷൻ ഉത്തരവ് പിൻവലിക്കണമെന്നും എ.ഐ.ടി.യു.സി നേതൃത്വത്തിലുള്ള ജില്ലാ വഴിയോര കച്ചവടത്തൊഴിലാളി യൂണിയൻ പ്രസിഡന്റ് പി.എസ്.നായിഡു, ജനറൽ സെക്രട്ടറി മൈക്കിൾ ബാസ്റ്റ്യൻ എന്നിവർ ആവശ്യപ്പെട്ടു. വഴിയോരക്കച്ചവട തൊഴിലാളികൾ ഒഴിഞ്ഞു പോകണമെന്നുള്ള തെറ്റായ റിപ്പോർട്ട് നഗരസഭാ അധികൃതർ കമ്മിഷൻ മുമ്പാകെ നൽകിയ നടപടിയിന്മേൽ വിജിലൻസ് അന്വേഷണം വേണമെന്നും അവർ ആവശ്യപ്പെട്ടു.

അവധിക്കാല കമ്പ്യൂട്ടർപരിശീലനം

തിരുവനന്തപുരം: സ്കൂൾ, കോളേജ് വിദ്യാർത്ഥികൾക്കായി ശാസ്ത്ര സാഹിത്യ ഇൻസ്റ്റിറ്റ്യൂട്ട് പാറ്റൂർ വാട്ടർ അതോറിട്ടിക്ക് സമീപം നടത്തുന്ന അവധിക്കാല കമ്പ്യൂട്ടർ ക്ലാസുകളിലേക്ക് അപേക്ഷ ക്ഷണിച്ചു. ഡി.ടി.പി, ഡാറ്റാ എൻട്രി, എം.എസ് ഓഫീസ്, കോറൽ ഡ്രോ, ഫോട്ടോഷോപ്, ഫ്ലാഷ്, അഡോബ് ഇലസ്ട്രേറ്റർ എന്നീ വിഷയങ്ങളിലാണ് പരിശീലനം. കൂടുതൽ വിവരങ്ങൾക്ക് ഫോൺ: 9037893148, 8891839165.

കോവളത്ത് ആക്ഷൻ കമ്മിറ്റി രൂപീകരിച്ചു

കോവളം: ടൂറിസം മേഖല കനത്ത പ്രതിസന്ധി നേരിടുമ്പോൾ വിദേശികളടക്കം താമസിക്കുന്ന കെട്ടിടങ്ങൾ പൊളിക്കാനുള്ള ഉദ്യോഗസ്ഥരുടെ നീക്കത്തിനെതിരെ കോവളത്ത് ആക്ഷൻ കമ്മിറ്റി രൂപീകരിച്ചു. ലതാ സുഗതൻ, ആവാടുതുറ ശശി, അഡ്വ. ആർ. വിനായകൻ നായർ, കോവളം ബി. ശ്രീകുമാർ, ജി. പുരുഷോത്തമൻ, കുശലൻ, സുരേഷ്കുമാർ, എ. സുനിൽകുമാർ തുടങ്ങിയവർ സംസാരിച്ചു. ഭാരവാഹികളായി ലതാ സുഗതൻ, കോവളം ബി. ശ്രീകുമാർ, കുശലൻ, ആവാടുതുറ ശശി (രക്ഷാധികാരികൾ), കോവളം യു. സുഗതൻ (പ്രസിഡന്റ്), സുരേഷ്കുമാർ, സന്തോഷ് സമുദ്ര (വൈസ് പ്രസിഡന്റുമാർ), അഡ്വ. ആർ.വിനായകൻ നായർ (സെക്രട്ടറി), ജി. പുരുഷോത്തമൻ, ആർ. വിനോദ്കുമാർ (ജോയിന്റ് സെക്രട്ടറിമാർ), ആർ. സതീഷ്കുമാർ (ട്രഷറർ) എന്നിവരെ തിരഞ്ഞെടുത്തു.

വൈദ്യുതി മുടങ്ങും

തിരുവനന്തപുരം: പുത്തൻചന്ത വൈദ്യുതി സെക്ഷനിലെ മേട്ടുക്കട, വഴുതക്കാട്, പൊലീസ് ടെയിനിംഗ് കോളേജ് റോഡ്, കണ്ണേറ്റുമുക്ക് റോഡ് കടപ്പനക്കുന്ന് സെക്ഷനിലെ കിഴക്കേ മുക്കോല, മാഞ്ഞാംകോട്, ലതാനഗർ തുടങ്ങിയ സ്ഥലങ്ങളിൽ ഇന്ന് രാവിലെ 9.30 മുതൽ വൈകിട്ട് 5 വരെ വൈദ്യുതി മുടങ്ങും.

വെള്ളക്കരം അടയ്ക്കണം

തിരുവനന്തപുരം : കേരള വാട്ടർ അതോറിട്ടി കരമന സെക്ഷൻ പരിധിയിൽ ഒരു ബില്ലിൽ കൂടുതൽ കുടിശികയുള്ള ഉപഭോക്താക്കൾ 25 ന് മുമ്പായി കുടിശിക അടയ്ക്കേണ്ടതാണ്. കൂടാതെ കേടായ വാട്ടർ മീറ്ററുകൾ കരമന റവന്യൂ സെക്ഷൻ ഓഫീസുമായി ബന്ധപ്പെട്ട് മാറ്റിവയ്ക്കണം. അല്ലാത്തപക്ഷം ഇനി ഒരു അറിയിപ്പ് കൂടാതെ കണക്ഷൻ വിച്ഛേദിക്കും. കൂടുതൽ വിവരങ്ങൾക്ക് ഫോൺ : 8281597996.

ഊരാക്കുരുക്കിൽ മെഡി. കോളേജ് ജംഗ്ഷൻ

■ കാൽനട യാത്രികർ ദുരിതത്തിൽ

സംഗീത് ഉള്ളൂർ

ഉള്ളൂർ: മെഡിക്കൽ കോളേജ് ആശുപത്രി പ്രധാന കവാടത്തിന് മുന്നിലെ പ്രധാന റോഡിൽ അനുഭവപ്പെടുന്ന ഗതാഗതക്കുരുക്ക് രോഗികൾക്കും കാൽനട യാത്രികർക്കും തലവേദനയാകുന്നു.

ഏതുനേരവും ഇവിടെ വാഹനത്തിരക്കാണ്. കണ്ണൊന്ന് തെറ്റിയാൽ മെഡിക്കൽ കോളേജ് ആശുപത്രിയിലെ മോർച്ചറിയിലോ, അത്യാഹിത വിഭാഗത്തിലോ പെടാവുന്ന അവസ്ഥയാണ്.

സിഗ്നൽ ലൈറ്റുകൾ സ്ഥാപിച്ച് ഗതാഗതം നിയന്ത്രിക്കാൻ ശ്രമം നടക്കുന്നുണ്ടെങ്കിലും മെഡിക്കൽ കോളേജ് ആശുപത്രിക്ക് മുന്നിൽ റോഡ് മുറിച്ച് കടക്കാൻ സിബ്രാ ലൈൻ പോലും ഇല്ലാത്ത അവസ്ഥയാണ്. വാഹനക്കുരുക്ക് രൂക്ഷമായ ഇവിടെ റോഡ് മുറിച്ച കടക്കാൻ ഏറെ ബുദ്ധിമുട്ടാണ്. തിരക്കേറിയ സമയങ്ങളിൽ മെഡിക്കൽ കോളേജ് ആശുപത്രിക്ക് മുന്നിലെ റോഡിൽ ഗതാഗത സ്തംഭനം പതിവായതോടെ വെട്ടിലായിരിക്കുന്നത് സാധാരണക്കാരായ ജനങ്ങളാണ്.

മരുന്ന് വാങ്ങാനും മറ്റും പുറത്തിറങ്ങുന്ന രോഗികളുടെ കൂട്ടിരിപ്പുകാർ സിഗ്നൽ ലൈറ്റോ ചീറിപ്പാഞ്ഞു വരുന്ന വാഹനങ്ങളോ പലപ്പോഴും ശ്രദ്ധിക്കാറില്ല. അതിനാൽ അപകടങ്ങളും നിത്യ സംഭവമാണ്. ആശുപത്രിയിൽ ചികിത്സയ്ക്കുമറ്റാവശ്യങ്ങൾക്കുവരുന്നവർ നിരവധിപേരാണ്. നീണ്ട കാലത്തെ കാത്തിരിപ്പിന് ശേഷം ചാലക്കുഴി റോഡിൽ പുതിയ ടെർമിനൽ പ്രവർത്തനം ആരംഭിച്ചെങ്കിലും ബസുകൾ പ്രധാന റോഡിൽ നിന്ന് ബസ് ടെർമിനലിലേക്ക് തിരിയുന്നത് ഗതാഗതക്കുരുക്ക് രൂക്ഷമാക്കിയെന്ന് നാട്ടുകാർ പറയുന്നു.

മെഡിക്കൽ കോളേജിനു മുന്നിലൂടെ പോകുന്ന എല്ലാ കെ.എസ്.ആർ.ടി.സി ബസുകളും ബസ് ടെർമിനലിലേക്ക് എത്തിയാണ് മടങ്ങുന്നത്. തമ്പാനൂരിൽ നിന്നു വരുന്ന ബസുകളും പുതിയ ടെർമിനലിൽ കയറിയ ശേഷം മാത്രമാണ് യാത്ര തുടരുന്നത്. ചാലക്കുഴി റോഡിലൂടെ മെഡിക്കൽ കോളേജ് ആശുപത്രിക്ക് മുന്നിലെത്തുന്ന ബസുകൾ സിഗ്നൽ ലഭിച്ചാൽ എത്രയും പെട്ടെന്ന് റോഡ് മുറിച്ചു കടക്കാൻ തിടുക്കംകൂട്ടുന്നത്കാൽനടയാത്രികരെഭീതിയിലാഴ്ത്തുന്നു.

റോഡ് മുറിച്ച് കടക്കാൻ അണ്ടർ പാസേജോ ആകാശ ഇടനാഴിയോ നിർമ്മിക്കണമെന്ന നാട്ടുകാരുടെ ആവശ്യവും ഇതുവരെ പൂർത്തീകരിച്ചിട്ടില്ല. റോഡ് കൈയേറിയുള്ള കച്ചവടം അനിയന്ത്രിതമായതും കാൽനടയാത്രികർക്ക് വെല്ലുവിളിയാണ്. പ്രധാന കവാടത്തിന് സമീപം തീവ്ര പരിചരണ വിഭാഗം കൂടി പ്രവർത്തനം ആരംഭിക്കുന്നതോടെ പ്രശ്നം കൂടുതൽ രൂക്ഷമാകുമെന്നാണ് വിലയിരുത്തൽ.

പ്രധാന പ്രശ്നങ്ങൾ

- സീബ്രാ ലൈനുകൾ ഇല്ലാത്തത് അപകട സാദ്ധ്യത വർദ്ധിപ്പിക്കുന്നു
- കാൽനടയാത്രികർ ജീവൻ പണയംവച്ചാണ് ഇതുവഴി സഞ്ചരിക്കുന്നത്
- ബസുകൾ അപകടകരമാംവിധം ടെർമിനലിലേക്ക് തിരിയുന്നത് ഏവർക്കും ഭീഷണിയാണ്
- അണ്ടർ പസേജോ ഫൂട് ഓവർ ബ്രിഡ്ജോ വേണമെന്ന ആവശ്യവും ശക്തം
- വാഹനത്തിരക്ക് അപകട സാദ്ധ്യത വർദ്ധിപ്പിക്കുകയാണ്

KAUMUDI ALERT

പുതിയ മോർച്ചറി ഏപ്രിൽ 15 മുതൽ പ്രവർത്തനസജ്ജം

തിരുവനന്തപുരം: പരീക്ഷണ പ്രവർത്തനത്തിലെ പോരായ്മകൾ പരിഹരിച്ച് മൾട്ടി സ്പെഷ്യാലിറ്റി ബ്ലോക്കിലെ പുതിയ മോർച്ചറിയും അനുബന്ധ റോഡും ഏപ്രിൽ 15ന് പ്രവർത്തനം ആരംഭിക്കുമെന്ന് മെഡിക്കൽ കോളേജ് പ്രിൻസിപ്പൽ ഡോ. തോമസ് മാത്യു അറിയിച്ചു. പരീക്ഷണ പ്രവർത്തനത്തിൽ മോർച്ചറിയിൽ നിന്നുള്ള വെള്ളം ഒഴുകിപ്പോകുന്നതിന് തടസം ഉണ്ടാകുന്നതായികണ്ടെത്തിയിരുന്നു. മോർച്ചറിയോടു ചേർന്നുള്ള പുതിയ റോഡിന്റെ നിർമ്മാണ പ്രവർത്തനവും ടാർ ക്ഷാമം മൂലം തടസപ്പെട്ടിരുന്നു. ആവശ്യത്തിന് ടാർ ലഭ്യമാക്കി റോഡിന്റെ നിർമ്മാണവും ഉടൻ പൂർത്തീകരിക്കും. പുതിയ മോർച്ചറി പൂർണ തോതിൽ ഏപ്രിൽ 15ന് പ്രവർത്തിച്ചു തുടങ്ങുമെന്ന് അദ്ദേഹം അറിയിച്ചു.

പുസ്തകപ്രകാശനം

തിരുവനന്തപുരം: സംവിധായൻ രാജസേനന്റെ കലാജീവിതത്തെ ആസ്പദമാക്കി സുകു പാൽക്കുളങ്ങര രചിച്ച 'രാജസൂയം' എന്ന പുസ്തകം കുമ്മനം രാജശേഖരൻ പ്രകാശനം ചെയ്തു. പത്മജ രാധാകൃഷ്ണൻ പുസ്തകം ഏറ്റുവാങ്ങി. പരിപാടിയുടെ ഉദ്ഘാടനം സുരേഷ് ഗോപി എം.പി നിർവഹിച്ചു. നടൻ എം.ആർ. ഗോപകുമാർ, എഴുത്തുകാരി റോസ്മേരി, മുതിർന്ന പത്രപ്രവർത്തകൻ ജി.ശേഖരൻ നായർ, ലിപി പബ്ലിക്കേഷൻ ഉടമ അക്ബർ, കൊല്ലം പണിക്കർ, രാജസേനന്റെ ഭാര്യ ശ്രീലത തുടങ്ങിയവർ പങ്കെടുത്തു.

പാച്ചല്ലൂർ ശ്രീ ഭദ്രകാളി ക്ഷേത്രത്തിൽ നടന്ന നേർച്ചത്തൂക്കം

മോദി അധികാരത്തിൽ വരേണ്ടത് രാജ്യത്തിന്റെ ആവശ്യം: ബാബുപോൾ

തിരുവനന്തപുരം: നരേന്ദ്ര മോദി വീണ്ടും അധികാരത്തിൽ വരേണ്ടത് ബി.ജെ.പിയുടെ മാത്രം ആവശ്യമല്ല രാജ്യത്തിന്റെ ആവശ്യമാണെന്ന് മുൻ അഡിഷണൽ ചീഫ് സെക്രട്ടറി ഡോ. ഡി. ബാബുപോൾ പറഞ്ഞു. എൻ.ഡി.എ തിരുവനന്തപുരം പാർലമെന്റ് തിരഞ്ഞെടുപ്പ് കമ്മിറ്റി ഓഫീസ് ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം. ദേശീയ താത്പര്യം സംരക്ഷിക്കുന്ന വർക്കായിരിക്കണം പാർലമെന്റ് തിരഞ്ഞെടുപ്പിൽ ജനം വോട്ട് ചെയ്യേണ്ടത്. കോൺഗ്രസ് പഴയ പ്രതാപം വീണ്ടെടുക്കാത്തിടത്തോളം കാലം രാജ്യത്ത് പ്രസക്തി ബി.ജെ.പിക്കും മോദിക്കും തന്നെയാണെന്നും അദ്ദേഹം പറഞ്ഞു. മുൻ ഡി.ജി.പി ഡോ. ടി.പി. സെൻകുമാർ അദ്ധ്യക്ഷത വഹിച്ചു. ബി.ജെ.പി സ്ഥാനാർത്ഥി കുമ്മനം രാജശേഖരൻ, ഒ. രാജഗോപാൽ എം.എൽ.എ, സംവിധായകൻ വി ജിതമ്പി, ബി.ജെ.പി സംസ്ഥാന വക്താവ് എം.എസ്. കുമാർ, ജില്ലാ പ്രസിഡന്റ് എസ്. സുരേഷ് എന്നിവർ സംസാരിച്ചു.

കൂടുതൽ പ്രാദേശിക വാർത്തകൾ പേജ് 3, 5

സുകു പാൽക്കുളങ്ങര എഴുതിയ സംവിധായകൻ രാജസേനന്റെ ജീവചരിത്രം 'രാജസൂയം' പ്രകാശനം എൻ.ഡി.എ സ്ഥാനാർത്ഥി കുമ്മനം രാജശേഖരൻ പത്മജ രാധാകൃഷ്ണന് നൽകി നിർവഹിക്കുന്നു. രാജസേനന്റെ ഭാര്യ ശ്രീലത, എം.ആർ. ഗോപകുമാർ, കൊല്ലം പണിക്കർ, പാപനംകോട് സജി തുടങ്ങിയവർ സമീപം

എൻ.ഡി.എ തിരുവനന്തപുരം പാർലമെന്റ് മണ്ഡലം തിരഞ്ഞെടുപ്പ് കമ്മിറ്റി ഓഫീസിന്റെ ഉദ്ഘാടനം വടക്കേനട പദ്മവിലാസം റോഡിൽ ഡോ. ഡി. ബാബുപോൾ നിർവഹിക്കുന്നു. കുമ്മനം രാജശേഖരൻ, ടി.പി. സെൻകുമാർ, പി. അശോക് കുമാർ, എം.എസ്. കുമാർ, എസ്. സുരേഷ് എന്നിവർ സമീപം

പൂർവ വിദ്യാർത്ഥി സംഗമം

തിരുവനന്തപുരം : കുര്യാത്തി ഗവ. എൽ.പി സ്കൂളിൽ ഒന്നു മുതൽ 5-ാം ക്ലാസുവരെ 1960 മുതൽ പഠിച്ചവരുടെ പൂർവ വിദ്യാർത്ഥി സംഗമവും ഗുരുവന്ദനവും (ഒരുവട്ടംകൂടി) 25ന് രാവിലെ 9ന് സ്കൂൾ അങ്കണത്തിൽ നടക്കുമെന്ന് കൺവീനർ കുര്യാത്തി ശശി അറിയിച്ചു. വിവരങ്ങൾക്ക്: 9847735556, 9400610728.

ചെമ്പഴന്തി കോളേജിൽ സെമിനാർ തുടങ്ങി

തിരുവനന്തപുരം : ചെമ്പഴന്തി ശ്രീ നാരായണ കോളേജിലെ പൊളിറ്റിക്കൽ സയൻസ് വിഭാഗത്തിന്റെ ആഭിമുഖ്യത്തിൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് പാർലമെന്ററി അഫയേഴ്സിന്റെ സഹായത്തോടെയുള്ള സെമിനാർ തുടങ്ങി.

'ഇന്ത്യയിലെ തിരഞ്ഞെടുപ്പ് രാഷ്ട്രീയം: പ്രശ്നങ്ങളും പ്രത്യാശകളും' എന്ന വിഷയത്തിൽ സംഘടിപ്പിച്ച സെമിനാർ മന്ത്രി കടകംപള്ളി സുരേന്ദ്രൻ ഉദ്ഘാടനം ചെയ്തു. കോളേജ് പ്രിൻസിപ്പൽ ഡോ. എസ്.ആർ. ജിത അധ്യക്ഷത വഹിച്ചു. കേരള സ്റ്റേറ്റ് ഓപ്പൺയൂണിവേഴ്സിറ്റിസ്കൂൾ ഓഫീസർ പ്രൊഫ. ജെ. പ്രഭാഷ് മുഖ്യപ്രഭാഷണം നടത്തി.

എസ്.എൻ ട്രസ്റ്റ് എക്സിക്യൂട്ടീവ് മെമ്പർ ഡി. പ്രേംരാജ്, കേരള സർവകലാശാല സിൻഡിക്കേറ്റ് അംഗം ഡോ. കെ.ആർ. കവിത, ചരിത്ര വിഭാഗം മേധാവി ഡോ. എ.പി. ശ്രീഷ്ടലത തുടങ്ങിയവർ ആശംസകൾ നേർന്നു. പൊളിറ്റിക്കൽ സയൻസ് വിഭാഗം മേധാവി അഭിലാഷ് സ്വാഗതവും ഐ.ക്യൂ.എ.സി. കോ ഓർഡിനേറ്റർ ഡോ. എ.എസ് രാഖി. നന്ദിയും പറഞ്ഞു. തുടർന്ന് വിദ്യാർത്ഥികൾ വിവിധ വിഷയങ്ങളിൽ പ്രബന്ധങ്ങൾ അവതരിപ്പിച്ചു.

ചെമ്പഴന്തി ശ്രീ നാരായണ കോളേജിലെ പൊളിറ്റിക്കൽ സയൻസ് വിഭാഗത്തിന്റെ ആഭിമുഖ്യത്തിൽ നടന്ന ദ്വിദിന ദേശീയ സെമിനാർ മന്ത്രി കടകംപള്ളി സുരേന്ദ്രൻ ഉദ്ഘാടനം ചെയ്യുന്നു. ഡോ. എസ്.ആർ. ജിത, പ്രൊഫ. ജെ. പ്രഭാഷ്, ഡി. പ്രേംരാജ്, ഡോ. കെ.ആർ. കവിത, ഡോ. എ.പി. ശ്രീഷ്ടലത എന്നിവർ സമീപം

പ്രഖ്യാപനമായില്ലെങ്കിലും മണ്ഡലത്തിൽ സാന്നിദ്ധ്യമായി കുമ്മനം

തിരുവനന്തപുരം: സ്ഥാനാർത്ഥി പ്രഖ്യാപനം ഔദ്യോഗികമായി വന്നില്ലെങ്കിലും തിരുവനന്തപുരം ലോക്സഭാ മണ്ഡലത്തിൽ സജീവസാന്നിദ്ധ്യമായി ബി.ജെ.പി നേതാവ് കുമ്മനം രാജശേഖരൻ രംഗത്തിറങ്ങി.

കഴിഞ്ഞ ദിവസം കരിക്കകം ക്ഷേത്രത്തിലെ പൊങ്കാലയിലും മറ്റ് പൊതുചടങ്ങുകളിലും പങ്കെടുത്ത കുമ്മനം രാജശേഖരൻ ഇന്നലെ മണ്ഡലം തിരഞ്ഞെടുപ്പ് കമ്മിറ്റി ഓഫീസും തുറന്നു.

പത്മനാഭസ്വാമി ക്ഷേത്രത്തിന്റെ വടക്കേനടയിലാണ് ഓഫീസ്. ഇതോടെ തിരുവനന്തപുരം മണ്ഡലത്തിലെ മൂന്ന് പ്രമുഖ സ്ഥാനാർത്ഥികളുടെയും ഓഫീസുകൾ പ്രവർത്തനം തുടങ്ങിയെന്ന് പറയാം. യു.ഡി.എഫ് സ്ഥാനാർത്ഥി ഡോ. ശശി തരൂരിന്റെ തിരഞ്ഞെടുപ്പ് കമ്മിറ്റി ഓഫീസ് തുറക്കുന്നത് ഇന്നാണ്.

ശാസ്തമംഗലത്ത് പഴയ പാരിസ് ഹോട്ടലിന് സമീപം മുൻ വർഷങ്ങളിൽ തിരഞ്ഞെടുപ്പ് കമ്മിറ്റി ഓഫീസായി പ്രവർത്തിച്ചസ്ഥലത്തുതന്നെയാണ് ഇക്കുറിയും ഓഫീസ്.

കെ.പി.സി.സി മുൻ പ്രസിഡന്റ് തെന്നല ബാലകൃഷ്ണപിള്ളയാണ് ഉദ്ഘാടകൻ. കുമ്മനത്തിന്റെ ഓഫീസ് മുൻ അഡി. ചീഫ് സെക്രട്ടറിയും എഴുത്തുകാരനുമായ ഡോ. ഡി. ബാബുപോളാണ് ഉദ്ഘാടനം ചെയ്തത്.

ഇടതുമുന്നണി സ്ഥാനാർത്ഥി സി. ദിവാകരന്റെ പ്രചാരണ സമിതി ഓഫീസ് സെക്രട്ടേറിയറ്റിന് എതിർവശത്താണ് തുറന്നത്. മുൻ മുഖ്യമന്ത്രി വി.എസ്. അച്യുതാനന്ദനായിരുന്നു ഉദ്ഘാടകൻ. വിശ്വാസം, വികസനം, വിമോചനം, സുരക്ഷ തുടങ്ങിയവയാണ് കുമ്മനം രാജശേഖരന്റെ തിരഞ്ഞെടുപ്പുമുദ്രാവാക്യം.

ഗണേശോത്സവ ട്രസ്റ്റിന്റെ പരിപാടിയിലും ചലച്ചിത്ര സംവിധായകൻ രാജസേനന്റെ ജീവചരിത്ര ഗ്രന്ഥമായ രാജസൂയത്തിന്റെ പ്രകാശന ചടങ്ങിലും കുമ്മനം പങ്കെടുത്തു.

ഗണേശോത്സവം ട്രസ്റ്റിന്റെ ആഭിമുഖ്യത്തിൽ നടന്ന സെമിനാറിൽ ട്രസ്റ്റ് കാര്യദർശി എം.എസ്. ഭുവനചന്ദ്രനും യു.ഡി.എഫ് സ്ഥാനാർത്ഥി ശശി തരൂരും ചേർന്നു എൻ.ഡി.എ സ്ഥാനാർത്ഥി കുമ്മനം രാജശേഖരനു ഉപഹാരം നൽകി ആദരിക്കുന്നു. ജി. മാധവൻ നായർ സമീപം

ശശി തരൂരിന്റെ തിരഞ്ഞെടുപ്പ് കമ്മിറ്റി ഓഫീസ് ഉദ്ഘാടനം ഇന്ന്

തിരുവനന്തപുരം: യു.ഡി.എഫ് സ്ഥാനാർത്ഥി ശശി തരൂരിന്റെ കേന്ദ്ര തിരഞ്ഞെടുപ്പ് കമ്മിറ്റി ഓഫീസ് ശാസ്തമംഗലത്ത് ഇന്ന് രാവിലെ 10ന് കെ.പി.സി.സി മുൻ പ്രസിഡന്റ് തെന്നല ബാലകൃഷ്ണപിള്ള ഉദ്ഘാടനം ചെയ്യുമെന്ന് തിരുവനന്തപുരം പാർലമെന്റ് തിരഞ്ഞെടുപ്പ് കമ്മിറ്റി ചെയർമാനും കെ.പി.സി.സി ജനറൽ സെക്രട്ടറിയുമായ തമ്പാനൂർ രവി അറിയിച്ചു.

ഗണേശോത്സവം ട്രസ്റ്റിന്റെ ആഭിമുഖ്യത്തിൽ നടന്ന സെമിനാറിൽ ഗണേശോത്സവം ട്രസ്റ്റ് നൽകിയ വിനായകനുമായി നിൽക്കുന്ന എൽ.ഡി.എഫ് ലോക്സഭാ സ്ഥാനാർത്ഥി സി. ദിവാകരനെ കൗതുകപൂർവം നോക്കിനിൽക്കുന്ന യു.ഡി.എഫ് സ്ഥാനാർത്ഥി ശശി തരൂർ